## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 531 12-06-2012 ന് മറുപടിക്ക്

### ഫോറസ്റ്റ് സ്റ്റേഷനുകളുടെ പുന:സംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| എ) വനപരിപാലനത്തിനും ജൈവവൈവിധ്യം കാത്ത് സൂക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കുമോ ; | എ) വനപരിപാലനത്തിനും ജൈവ വൈവിധ്യം കാത്ത് സൂക്ഷിക്കുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. വനാതിർത്തി സർവ്വേ ചെയ്ത് അതിർത്തികളിൽ ജണ്ടകളും കയ്യാല കളും നിർമ്മിച്ച് കയ്യേറ്റങ്ങൾ ഉണ്ടാകാതെ വനപരിപാലനം ഉറപ്പ് വരുത്തുന്നു.<br>2. വനസംരക്ഷണത്തിന്റെ ഭാഗമായി രാത്രികാല പട്രോളിംഗും പങ്കാളിത്ത വന പരിപാലനവും വളരെ ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു.<br>3. വനങ്ങളെയും വന്യജീവികളെയും കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിന് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നു.<br>4. ജൈവവൈവിധ്യത്തിന്റെയും വന്യജീവികളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിന് സംരക്ഷിത മേഖലകൾ രൂപീകരിച്ച് പ്രത്യേക സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നു. |

5. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി അംഗീകരിച്ച മൈക്രോ പ്ലാനിന്റെ അടിസ്ഥാനത്തിൽ മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങളും മണ്ണൊലിപ്പ് തടയുന്നതിനും ക്ഷയോന്മുഖ വനപ്രദേശങ്ങളിൽ വനവൽക്കരണം നടത്തി വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ബി) ഇതിനായി ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ ; | ബി) ഉണ്ട്. |
| സി) പോലീസ് സ്റ്റേഷൻ മാതൃകയിൽ നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളും സെക്ഷനുകളും പുന :സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ ? | സി) നിലവിലുള്ള സെക്ഷൻ ബീറ്റ് സമ്പ്രദായം ഒഴിവാക്കി ഘട്ടംഘട്ടമായി പോലീസ് സ്റ്റേഷൻ മാതൃകയിൽ വനം വകുപ്പിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ